I/125360/2023

നം. SJD/4290/2022-G2

സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി : 09-11-2023
Email - swdkerala@gmail.com
Phone - 0471 – 2306040

## വിജ്ഞാപനം

മുതിർന്ന പൗരന്മാർക്കായുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയാണ് സാമൂഹ്യ നീതി വകുപ്പ്. സംരക്ഷിക്കാൻ ആരും ഇല്ലാത്തവരും കിടപ്പ് രോഗികളുമായ വയോജനങ്ങൾക്ക് സ്ഥാപനതല സംരക്ഷണം ഉറപ്പ് വരുത്തുന്നതിന് "**വയോസാന്ത്വനം**" എന്ന പേരിൽ ഒരു പുതിയ പദ്ധതി സാമൂഹ്യ നീതി വകുപ്പ് മുഖേന നടപ്പിലാക്കുന്നതിന് സർക്കാർ അനുമതി ലഭ്യമായിട്ടുണ്ട്. കിടപ്പ് രോഗികൾ ആയ വയോജനങ്ങൾക്ക് സംരക്ഷം നൽകാൻ തയ്യാറുള്ള സന്നദ്ധ സംഘടനകൾക്ക് "**വയോസാന്ത്വനം**" പദ്ധതിയിലൂടെ സർക്കാർ ഗ്രാന്റ് അനുവദിക്കുന്നതാണ്. സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്നതിന് ലക്ഷ്യം വയ്ക്കുന്ന ഈ പദ്ധതിയുടെ ആദ്യഘട്ടത്തിൽ പൈലറ്റ് അടിസ്ഥാനത്തിൽ ഏതെങ്കിലും ഒരു ജില്ലയിൽ 2023-24 സാമ്പത്തിക വർഷം ഈ പദ്ധതി നടപ്പിലാക്കുന്നതാണ് . താമസക്കാരിൽ നിന്നോ ബന്ധുക്കളിൽ നിന്നോ യാതൊരു വിധ ഫീസും ഈടാക്കാതെ ഈ പദ്ധതി നടത്തേണ്ടതുണ്ട് . പദ്ധതി നടത്തിപ്പിലേയ്ക്ക് ആവശ്യമായ മനുഷ്യ വിഭവ ശേഷിയുടെയും, ദൈനംദിന ചെലവുകളുടേയും 80% തുക സർക്കാർ ഗ്രാന്റ് ആയി അനുവദിക്കുന്നതാണ് . ബാക്കി 20% തുക NGO വഹിക്കേണ്ടതുണ്ട് (പദ്ധതി മാനദണ്ഡങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു). "**വയോസാന്ത്വനം**" പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം 25 കിടപ്പ് രോഗികളെ സംരക്ഷിക്കാനുള്ള പദ്ധതി ഏറ്റെടുത്ത് നടത്താൻ താൽപര്യമുള്ള സന്നദ്ധസംഘടനകളിൽ നിന്നും താൽപര്യപത്രം ക്ഷണിക്കുന്നു

പദ്ധതി സംബന്ധിച്ച വിശദാംശം സാമൂഹ്യ നീതി വകുപ്പിന്റെ വെബ് സൈറ്റിൽ (www.sjd.kerala.gov.in) ലഭ്യമാണ്. താൽപര്യമുള്ള സംഘടനകൾ നിർദിഷ്ട അപേക്ഷാ ഫോമിൽ തയ്യാറാക്കിയ അപേക്ഷയും അനുബന്ധ രേഖകളും 08/12/2023 നകം ബന്ധപെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് (ഒരു പകർപ്പ് സഹിതം) സമർപ്പിക്കേണ്ടതാണ്.

**H DINESHAN**
**സാമൂഹ്യ നീതി ഡയറക്ടർ**

Signed by H Dineshan
Date: 09-11-2023 10:10:40

## വയോസാന്ത്വനം പദ്ധതി

## കിടപ്പിലായ മുതിർന്ന പൗരന്മാരെ പരിചരിക്കുന്ന ക്ഷേമ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള പദ്ധതി

**ആമുഖം**

കേരളത്തിൽ മുതിർന്ന പൌരന്മാരുടെ ജനസംഖ്യ, ത്വരിതഗതിയിൽ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ആരോഗ്യപരിപാലന രംഗത്തെയും, ഇതര മേഖലകളിലേയും പുരോഗതിയിലൂടെ ശരാശരി ആയുർദൈർഘ്യം വർദ്ധിപ്പിക്കാനായതാണ് സംസ്ഥാനത്തെ വയോജന നിരക്ക് കൂടാൻ കാരണം. ഇത് കേരളത്തിന്റെ നേട്ടത്തെ കറിക്കുന്നുണ്ടെങ്കിലും ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് വയോജനങ്ങളുടെ സുരക്ഷിതത്വവും, സംരക്ഷണവും രൂക്ഷമായ പ്രശ്നമായി കേരളത്തിൽ ഉയരുകയാണ്. കൂട്ടുകുടുംബ വ്യവസ്ഥിതി ക്ഷയിച്ചുവരുന്ന ഈ കാലഘട്ടത്തിൽ മുതിർന്നവരുടെ ശരിയായ സംരക്ഷണത്തിന് കുടുംബങ്ങളിൽ ആളില്ലാത്ത അവസ്ഥയാണ്. വിദ്യാഭ്യാസത്തിനും തൊഴിലിനും വേണ്ടി സ്ത്രീകളും, പുരുഷന്മാരും, കുട്ടികളുമുൾപ്പെടെ കുടുംബത്തിലെ മറ്റെല്ലാ അംഗങ്ങളും വീടുവിട്ടിറങ്ങി പോകുന്ന ആധുനിക സാഹചര്യത്തിൽ മുതിർന്നവർ പൂർണ്ണമായും ഒറ്റപ്പെടുകയും/ഉപേക്ഷിക്കപ്പെടുകയും, സ്വന്തം കാര്യങ്ങൾ സ്വയമേവ നോക്കാൻ നിർബന്ധിതരാവുകയും ചെയ്യുന്നു. മക്കൾ ഉപേക്ഷിക്കു മാതാപിതാക്കളുടെ എണ്ണം കേരളത്തിൽ പെരുകുന്നതായി വയോജനങ്ങളുമായി ബന്ധപ്പെട്ട് എൽഡർ ലൈൻനിൽ ലഭ്യമാകുന്ന പരാതികൾ സൂചിപ്പിക്കുന്നു.

സംസ്ഥാനത്ത് 16 സർക്കാർ വൃദ്ധ സദനങ്ങളുൾപ്പടെയുള്ള ക്ഷേമ സ്ഥാപനങ്ങൾ വയോജന സംരക്ഷണത്തിനായി പ്രവർത്തിച്ചുവരുന്നു. എന്നാൽ ഇത്തരം സ്ഥാപനങ്ങൾ ആരും സംരക്ഷിക്കാൻ ഇല്ലാത്തവരും കിടപ്പുരോഗികളുമായ വയോജനങ്ങളെ ഏറ്റെടുക്കാൻ തയ്യാറാകാത്ത സാഹചര്യമാണ് ഉള്ളത്. കിടപ്പിലായ മുതിര്ന്ന പൌരന്മാരെ പരിചരിക്കുന്നതിനായുള്ള പരിശീലനം സിദ്ധിച്ച മനുഷ്യ വിഭവശേഷിയോ അടിസ്ഥാന സൌകര്യങ്ങളോ ലഭ്യമല്ലാത്തതിനാലാണ് മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ കിടപ്പിലായവരെ ഏറ്റെടുക്കാൻ തയ്യാറാകാത്തത്. ഈ സാഹചര്യത്തിലാണ് സംരക്ഷിക്കാനാരുമില്ലാത്തതും നിരാശ്രയരുമായ കിടപ്പിലായ വയോജനങ്ങൾക്ക് സ്ഥാപനതല സംരക്ഷണം ഉറപ്പവരുത്തുന്നതിന് വയോസാന്ത്വനം എന്നാ പദ്ധതി രൂപപ്പെടുത്താനുദ്ദേശിക്കുന്നത്.

**പദ്ധതി വിവരങ്ങൾ**

സംരക്ഷിക്കാനാരുമില്ലാത്തതും, നിരാശ്രയരുമായ കിടപ്പിലായ വയോജനങ്ങളുടെ ശാരീരിക, മാനസിക, സാമൂഹ്യ ആരോഗ്യ ക്ഷേമം ഉറപ്പുവരുത്തുന്നതിന് പദ്ധതി ലക്ഷ്യം വയ്ക്കുന്നു. ആയതിലേക്കായി എല്ലാ ജില്ലകളിലും അർഹരായ സ്ഥാപനങ്ങൾക്ക് (ഏറ്റവും കുറഞ്ഞത് ഒരു സ്ഥാപനമെങ്കിലും) ഈ പദ്ധതി നടത്തുന്നതിലേക്കായി മനുഷ്യ വിഭവശേഷിയുടെയും, ദൈനംദിന ചിലവുകളുടെയും 80% തുക സാമൂഹ്യ നീതി വകുപ്പിൽ നിന്നും ലഭ്യമാക്കുന്നതായിരിക്കും. പദ്ധതി നടത്തിപ്പിനാവശ്യമായ ബാക്കി 20 % തുകയും, ഭൗതിക സാകര്യങ്ങളും ലഭ്യമായ സന്നദ്ധ സ്ഥാപനങ്ങൾക്ക് ഈ പദ്ധതി ഏറ്റെടുത്ത് നടത്താവുന്നതാണ്.

**പദ്ധതി പ്രകാരം ലക്ഷ്യമിടുന്ന ഗുണഭോക്താക്കൾ**

- ആരും സംരക്ഷിക്കാനില്ലാത്തവരും, നിരാശ്രയരും, കിടപ്പിലായവരുമായ 60 വയസ് പൂർത്തിയാക്കിയ മുതിർന്ന പരന്മാർക്ക് മാത്രമായിരിക്കും ഈ കേന്ദ്രങ്ങളിൽ

സംരക്ഷണം നൽകുന്നത്. സേവനങ്ങൾ പൂർണമായും സൗജന്യം ആയിരിക്കേണ്ടതാണ് . കിടപ്പ് രോഗികൾ അല്ലാത്ത വ്യക്തികൾക്ക് ഇത്തരം സ്ഥാപനങ്ങളിൽ സംരക്ഷണം അനുവദിക്കേണ്ടതില്ല.

- അനാരോഗ്യം മൂലം തുടർച്ചയായ നഴ്സിംഗ് കെയർ/ മെഡിക്കൽ കെയർ ആവശ്യമാകുന്ന സാഹചര്യത്തിലുള്ള ഒരു വ്യക്തിക്ക് (ഇത് സംബന്ധിച്ച മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ) ജില്ലാ സാമൂഹ്യ നീതി ഓഫീസറുടെ ശുപാർശയോടെ സ്ഥാപനത്തിൽ സംരക്ഷണം നൽകാവുന്നതാണ്.
- സ്ഥാപനത്തിൽ പ്രവേശിപ്പിക്കുന്ന മുറക്ക് ആരോഗ്യ സ്ഥിതി മെച്ചപ്പെടുകയും സ്വന്തം കാര്യങ്ങൾ സ്വയമേവ ചെയ്യാൻ കഴിയുകയും ചെയ്യുന്ന പക്ഷം പ്രസ്തുത വ്യക്തികളെ അനുയോജ്യമായ മറ്റു പുനരധിവാസ കേന്ദ്രങ്ങളിലേക്ക് മാറ്റി പാർപ്പിക്കുന്നതിന് സ്ഥാപന അധികാരികൾ നടപടി സ്വീകരിക്കേണ്ടതാണ്. ആയതിന് ആവശ്യമെങ്കിൽ ജില്ലാ സാമൂഹ്യ നീതി ഓഫീസറുടെ സഹായം തേടാവുന്നതാണ്.
- താമസക്കാരിൽ നിന്നും യാതൊരു സേവനങ്ങൾക്കും ഫീസോ മറ്റു ചാർജ്കുകളോ ഈടാക്കാൻ പാടില്ല

<u>**പദ്ധതി നടത്തിപ്പിനായി അർഹരായ സ്ഥാപനങ്ങൾ/ സംവിധാനങ്ങൾ**</u>

നിലവിൽ വൃദ്ധ സദനങ്ങൾ നടത്തി വരുന്നതും, ഓർഫനേജ് കൺട്രോൾ ബോർഡിന് കീഴിൽ അംഗീകാരം ലഭിച്ചിട്ടുള്ളതും, ഈ പദ്ധതിക്കായി ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ക്രമീകരിക്കാൻ സാധിക്കുന്നതുമായ സന്നദ്ധ സ്ഥാപനങ്ങൾക്ക് പദ്ധതിക്കായി അപേക്ഷ നൽകാവുന്നതാണ്.

<u>**സ്ഥാപനങ്ങൾക്ക് വേണ്ട മറ്റു യോഗ്യതകൾ**</u>

- വൃദ്ധ സദനങ്ങളോ, സമാനമായ മറ്റു സ്ഥാപനങ്ങളോ നടത്തി ഏറ്റവും കുറഞ്ഞത് 3വർഷത്തെ പ്രവൃത്തി പരിചയം.
- പദ്ധതി നടത്തിപ്പിന് അനുയോജ്യമായ സാമ്പത്തിക പശ്ചാത്തലവും മനുഷ്യവിഭവശേഷിയും.
- സ്ഥാപനത്തിന്റെ നിലവിലെ പ്രവർത്തന മികവും, സുതാര്യമായ ഭരണ സംവിധാനവും.
- കിടപ്പ് രോഗികളെ പരിപാലിക്കാൻ കഴിയുന്ന തരത്തിലുള്ള അടിസ്ഥാന സൗകര്യം.

**G O.(P)No. I0/2016/SJD.Dated, Thiruvunanthapuram, 20th August, 2016** പ്രകാരമുള്ള വയോജന സംരക്ഷണ കേന്ദ്രങ്ങൾക്കായുള്ള സർക്കാർ മാർഗനിർദേശങ്ങൾ പ്രകാരമുള്ള സൗകര്യങ്ങൾ/സേവനങ്ങൾ സ്ഥാപനത്തിൽ ലഭ്യമാക്കേണ്ടതാണ്.

<u>**പദ്ധതിക്കായി സ്ഥാപനങ്ങൾക്ക് വേണ്ട പ്രത്യേക അടിസ്ഥാന സൗകര്യങ്ങൾ**</u>

**1. കെട്ടിടവും സ്ഥല സൗകര്യവും**

- പദ്ധതിക്കായി ഏറ്റവും കുറഞ്ഞത് **2000** ച.അ വിസ്തീർണ്ണമുള്ള കെട്ടിടം ഉണ്ടായിരിക്കേണ്ടതാണ്. (25 പേർക്ക്). നിലവിൽ ഓൾഡ് ഏജ് ഹോം നടത്തുന്ന സ്ഥാപനങ്ങൾ വയോസാന്ത്വനം പദ്ധതിപ്രകാരം സർക്കാർ ഗ്രാന്റ് ലഭിക്കുന്നതിനു അപേക്ഷ സമർപ്പിക്കുന്ന പക്ഷം പ്രസ്തുത സ്ഥാപനങ്ങൾ മേൽപ്പറഞ്ഞ പ്രകാരം കിടപ്പുരോഗികൾക്കായുള്ള സൗകര്യം പ്രത്യേകം ക്രമീകരിക്കേണ്ടതാണ്.
- നാല് ചക്ര വാഹനങ്ങൾക്ക് ബുദ്ധിമുട്ടില്ലാതെ സ്ഥാപനം സ്ഥിതി ചെയ്യുന്ന സ്ഥലങ്ങളിൽ പ്രവേശിക്കാൻ കഴിയേണ്ടതാണ്.
- കെട്ടിടത്തിനുള്ളിലും, പുറത്തും വീൽ ചെയർ, സ്ട്രെച്ചർ തുടങ്ങിയ ഉപകരണങ്ങൾ

ഉപയോഗിക്കുന്നതിനായി സ്ഥാപനത്തിന്റെ എല്ലാ ഭാഗങ്ങളിലും റാമ്പ് തുടങ്ങിയ സൗകര്യങ്ങൾ ഉണ്ടാകേണ്ടതാണ്.

- സ്ഥാപനത്തില് 6:1 അനുപാതത്തിൽ ശൗചാലയങ്ങൾ ഉണ്ടാകേണ്ടതും, വീൽ ചെയർ, സ്മൂച്ചർ തുടങ്ങിയവ ബുദ്ധിമുട്ടില്ലാതെ പ്രവേശിപ്പിക്കാൻ പറ്റുന്നതുമാകേണ്ടതാണ്.
- ശൗചാലയങ്ങൾ ഏറ്റവും കുറഞ്ഞത് 12 ച.മീ വിസ്തീർണ്ണമെങ്കിലും ഉണ്ടാകേണ്ടതാണ്.
- അടിയന്തിരമായ മെഡിക്കൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി പ്രത്യേക മുറിയോ, സ്ഥല സൗകര്യവും അത്യാവശ്യ ചികിത്സാ സംവിധാനങ്ങളും ഉണ്ടാകേണ്ടതാണ്.
- കിടപ്പുരോഗികളായ വയോജനങ്ങള്ക്ക് ഭക്ഷണം കഴിക്കാനുതകുന്ന രീതിയിലുള്ള ഉപകരണങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.
- താമസക്കാർക്ക് അനുയോജ്യമായ രീതിയിൽ ഭക്ഷണം പാകം ചെയ്യുന്നതിനും, പോഷകാഹാരം ക്രമീകരിക്കുന്നതിനും ഉതകുന്ന അടുക്കള സൗകര്യം ഉണ്ടാകേണ്ടതാണ്.
- സ്ഥാപനത്തിനുള്ളിൽ മുതിർന്ന പരന്മാർക്കായി ഡോർമിറ്ററി സൗകര്യവും ആവശ്യമായവർക്ക് പ്രത്യേക മുറി സൗകര്യവും ഉണ്ടായിരിക്കേണ്ടതാണ്.
- പ്രത്യേക ചികിത്സകള് ആവശ്യമായവരെ പാർപ്പിക്കുന്നതിനായി പ്രത്യേകം സ്ഥല സൗകര്യങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.
- സ്ഥാപനങ്ങൾക്കുള്ളിൽ ആവശ്യാനുസരണം വെളിച്ചവും കാറ്റും കടക്കുന്നതിനുള്ള സൗകര്യം ഉള്ള രീതിയിൽ മുറികൾ ക്രമീകരിക്കേണ്ടതാണ്.
- കിടപ്പിലായ വയോജനങ്ങൾക്ക് ഉതകുന്ന രീതിയിൽ വിവിധ വിനോദ പരിപാടികൾ നടപ്പിലാക്കാൻ കഴിയുന്ന രീതിയിലുള്ള സൗകര്യം ഉണ്ടായിരിക്കേണ്ടതാണ് (ടെലിവിഷൻ, റേഡിയോ, ലൈബ്രറി തുടങ്ങിയവ).
- സ്ഥാപനങ്ങളിൽ അഗ്നിശമന ഉപകരണങ്ങൾ (Fire Extinguisher), അടിയന്തിര അലാറം (Emergency Alarm) തുടങ്ങിയ സുരക്ഷാ സംവിധാനങ്ങൾ ഉണ്ടാകേണ്ടതാണ്.
- മെഡിക്കൽ consultation റൂം , സ്റ്റാഫ് റസ്റ്റ് റൂം , നഴ്സിംഗ് സ്റ്റേഷൻ എന്നിവ പ്രത്യേകം ക്രമീകരിക്കേണ്ടതാണ്.
- സ്ഥാപനം നല്കുന്ന സേവനം പ്രദർശിപ്പിക്കുന്ന നെയിം ബോർഡുകൾ സ്ഥാപിക്കേണ്ടതാണ്.
- സ്ത്രീകൾക്കും പുരുഷന്മാർക്കും ട്രാൻസ്ജെൻഡേഴ്സിനും പ്രത്യേകം താമസ സൗകര്യങ്ങളും ശൗചാലയങ്ങളും അനുബന്ധ സൗകര്യങ്ങളും ഉണ്ടാകേണ്ടതാണ്.
- ഡോര്മിറ്ററിയിൽ താമസിപ്പിക്കുന്ന വയോജനങ്ങൾക്ക് 60 ച.അ. സൗകര്യം ഉണ്ടാകേണ്ടതും കുട്ടിലുകൾ തമ്മിൽ ഏറ്റവം കുറഞ്ഞത് 7 ച.മീ അകലം ഉണ്ടാകേണ്ടതാണ്.
- എല്ലാ താമസക്കാർക്കും സ്വന്തമായി കട്ടിൽ, എയർ ബെഡ്, ആവശ്യത്തിനനുസൃതമായി പുതപ്പ്, തലയിണ എന്നിവ നൽകേണ്ടതാണ്.
- താമസക്കാർക്ക് 24 * 7 കുടിവെള്ള സാകര്യം ഉണ്ടാകേണ്ടതാണ്.
- താമസക്കാരുടെ സ്വത്തു വകകൾ മറ്റ് വിലപിടിപ്പള്ള വസ്തുക്കൾ തുടങ്ങിയവ സുരക്ഷിതമായി സൂക്ഷിക്കാനുക്കൂ സൗകര്യങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

2. താമസ സൗകര്യങ്ങളും അവയുടെ അളവുകളും

| ക്രമ നം. | സ്ഥാപനത്തിനാവശ്യമായ സൗകര്യങ്ങൾ | എണ്ണം | അളവ് (ച.അടി) |
|---|---|---|---|
| 1 | ഡോർമിറ്ററി | 1 | 1500 |
| 2 | താമസയോഗ്യമായ പ്രത്യേക മുറി | 2 | 150 |
| 3 | ചികിൽസാ മുറി | 1 | 150 |

| | | | |
|---|---|---|---|
| 4 | നിരീക്ഷണ മുറി | 1 | 150 |
| 5 | പരിശോധന മുറി | 1 | 150 |
| 6 | മറ്റ് ജീവനക്കാരുടെ മുറി (office room) | 1 | 250 |
| 7 | ജീവനക്കാരുടെ വിശ്രമ മുറി | 2 | 150 |
| 8 | അടുക്കള | 1 | 250 |

**മനുഷ്യ വിഭവശേഷി വിവരങ്ങൾ**

കിടപ്പിലായ മുതിർന്ന പൗരന്മാരെ സംരക്ഷിക്കുന്നതിനായുള്ള പ്രത്യേക പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തേണ്ട ജീവനക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**പ്രൊജക്സ് കോ-ഓർഡിനേറ്റർ/ പ്രൊജക്സ് മാനേജർ:** ഈ പ്രത്യേക പദ്ധതിയുടെ സ്ഥാപനതല ഏകോപനങ്ങൾക്കും പദ്ധതി മേൽനോട്ടങ്ങൾക്കും

**സോഷ്യൽ വർക്കർ അല്ലെങ്കിൽ സൈക്കോളജിസ്റ്റ്:** താമസക്കാർക്ക് മാനസിക പിന്തുണ നൽകുന്നതിനും, വിവിധ വിനോദ പരിപാടികൾ സംഘടിപ്പിക്കുന്നതിനും, കൌൺസിലിംഗ്, തെറാപ്പികൾ തുടങ്ങിയവ ലഭ്യമാക്കുന്നതിനും.

**സ്റ്റാഫ് നേഴ്സ്:** താമസക്കാരുടെ എണ്ണത്തിന് അനുപാതമായി (8:1) വയോജന മേഖലയിൽ **പ്രവർത്തിച്ച് പരിചയ സമ്പത്തുള്ളവർ.**

**കുക്ക്:** താമസക്കാരുടെ ആരോഗ്യ സ്ഥിതിക്ക് അനുസൃതമായി ഭക്ഷണം തയ്യാറാക്കാൻ കഴിയുന്നവർ ആയിരിക്കണം.

**ഡോക്ടർ:** കൃത്യമായ ഇടവേളകളിൽ രോഗികളെ സന്ദർശിച്ച് രോഗ നിർണ്ണയം നടത്തുന്നതിനും രോഗങ്ങളുടെ നിലവിലെ സ്ഥിതി വിവരങ്ങളും അനുബന്ധ മരുന്നുകളും നിർദ്ദേശിക്കുന്നതിനും ബന്ധപ്പെട്ട മറ്റ ജീവനക്കാർക്ക് മതിയായ നിർദ്ദേശങ്ങൾ നൽകുന്നതിനും.

**ഓഫീസ് അസിസ്റ്റന്റ്. കം അക്കരണ്ടന്റ്:** അക്കൗണ്ട് സംബന്ധമായ വിഷയങ്ങളും മറ്റ് ഓഫീസ് ജോലികളും.

**കെയർ ഗിവർമാർ:** താമസക്കാരുടെ ആരോഗ്യസ്ഥിതിക്കനുസരിച്ച് അവരെ പരിചരിക്കുന്നതിനായി 5:1 അനുപാതത്തിൽ നിയമിക്കപ്പെടേണ്ടവർ. സ്ഥാപനത്തിന്റെ ശുചിത്വം, താമസക്കാരുടെ പരിചരണം , എന്നിവ കൈകാര്യം ചെയ്യുന്നതിന്.

**ആവർത്തിച്ചു വരുന്ന ചിലവുകൾക്ക് അനുവദിക്കാവുന്ന തുക വിവരങ്ങൾ**
**(Recurring Expenditures)**

| ക്രമ. നം | തസ്തിക | യോഗ്യത | എണ്ണം | പ്രതിമാസ ഹോണറെറിയം(രൂപയിൽ ) | പ്രതീക്ഷിര വാർഷിക െലവ് |
|---|---|---|---|---|---|
| 1 | സൂപ്രണ്ട് / പ്രൊജ | • ബിരുദം (സോഷ്യൽ | 1 | 21,000/- | (21000*12 |

| | | | | | |
|---|---|---|---|---|---|
| | ക്റ്റ് കോ-ഓർഡിനേറ്റർ/ പ്രൊജക്റ്റ് മാനേജർ | വർക്ക് ബിരുദം) ഡിഗ്രി / ഡിപ്ലോമ ഇൻ ജറിയാട്രിക് ഉള്ളവർക്ക് മുൻഗണന<br>• ഏറ്റവും കുറഞ്ഞത് 3 വർഷ പ്രവൃത്തി പരിചയം<br>• വയോജന മേഖലകളിൽ പ്രവൃത്തി പരിചയമുള്ളവർക്ക് മുൻഗണന | | | 2,52,000/ |
| 2 | ഓഫീസ് അറ്റെൻഡന്റ് & അക്കൗണ്ടന്റ് | • BA,Bcom, Bsc with Computer experience<br>• ഏറ്റവും കുറഞ്ഞത് 2 വർഷ പ്രവൃത്തി പരിചയം | 1 | 10,000/- | (10,000X12<br>1,20,000 |
| 3 | സോഷ്യൽ വർക്കർ (M&P) അല്ലെങ്കിൽ സൈക്കോളജിസ്റ്റ്( പാർട്ട് ടൈം ) | • MSW (M&P) അല്ലെങ്കിൽ MSC Psycholgy<br>• ഏറ്റവും കുറഞ്ഞത് 3 വർഷ പ്രവൃത്തി പരിചയം<br>• വയോജന മേഖലകളിൽ പ്രവൃത്തി പരിചയമുള്ളവർക്ക് മുൻഗണന | 1 | 10,000/- | (10000*12<br>1,20,000/ |
| 4 | സ്റ്റാഫ് നേഴ്സ് (ഫുൾ ടൈം) | • Bsc. Nursing/GNM<br>• കുറഞ്ഞത് 1 വർഷത്തെ പ്രവൃത്തി പരിചയം<br>• വയോജന മേഖലകളിൽ പ്രവൃത്തി പരിചയമുള്ളവർക്ക് മുൻഗണന | 3 | 18,000/- | (18000X12X<br>6,48,000 |
| 5 | കുക്ക് | • എട്ടാം ക്ലാസ്സ് അല്ലെങ്കിൽ തത്തുല്ല്യ യോഗ്യത<br>• കുറഞ്ഞത് 3 വർഷത്തെ പ്രവൃത്തി പരിചയം | 1 | Rs.6,000/- | (6000X12)<br>72,000 |
| 6 | ഡോക്ടർ | • MBBS കുറഞ്ഞത് 2 വർഷത്തെ പ്രവൃത്തി പരിചയം<br>• ജെറിയാട്രിക്ക് മേഖലയിൽ പ്രവൃത്തി പരിചയമുള്ളവർക്ക് മുൻഗണന | 1 | 1000/visit (Weekly three visits) | (1000X12X1<br>1,44,000 |

| | | | | | |
|---|---|---|---|---|---|
| 7 | ഫിസിയോതെറാപ്പിസ്റ്റ് | • BPT കോഴ്സ് പാസായിരിക്കണം<br>• കുറഞ്ഞത് 3 വർഷത്തെ പ്രവൃത്തി പരിചയം<br>• ജെറിയാട്രിക്ക് മേഖലയിൽ പ്രവൃത്തി പരിചയമുള്ളവർക്ക് മുൻഗണന | 1 | 800/visit | (800X8X12) 76,800 |
| 8 | MTCP (Multi Task Care Provider) | • SSLC അല്ലെങ്കിൽ തത്തുല്ല്യ യോഗ്യത<br>• ജെറിയാട്രിക്ക് മേഖലയിൽ പ്രവൃത്തി പരിചയമുള്ളവർക്ക് മുൻഗണന | 5 | 8000/- | (8000*5*12 4,80,000/ |
| 9 | കെട്ടിട വാടക അല്ലെങ്കിൽ പരിപാലനം | | | Rs18,000/- (വാടക കെട്ടിടങ്ങൾക്ക് മാത്രം) | (18000X12 2,16,000 |
| 10 | ഭക്ഷണം (25 പേർക്ക്) | | | ഒരാൾക്ക് Rs 2000പ്രതിമാസം | (2000X12X2 6,00,000 |
| 11 | മരുന്ന് | | | Rs 1000 (ഒരാൾക്ക്) പ്രതിമാസം | (1000X25X1 3,00,000 |
| 13 | വെള്ളം, വൈദ്യുതി തുടങ്ങിയ മറ്റുള്ള ചിലവുകൾക്കായി | | | 2,500 | (2500X12) 30,000 |
| 14 | മറ്റ് അനുബന്ധ ചെലവുകൾ | | | 50,000 | 50,000 |
| **ആകെ** | | | | | **31,08,800/** |

**Non Recurring Expenditure** (അഞ്ച് വർഷം കൂടുമ്പോൾ അനുവദിക്കുന്നത്)

| ക്രമ നം. | ഇനം | തുക |
|---|---|---|
| 1 | പ്രാരംഭ പ്രവർത്തനങ്ങൾക്ക് ആവശ്യമായ കട്ടിൽ, കസേര, അലമാര, വാട്ടർ / എയർ ബെഡുകൾ, ബെഡ് ഷീറ്റ്, തലയണ, പാത്രങ്ങൾ തുടങ്ങിയവയ്ക്കായി | 4,00,000/- |
| | ആകെ | **4,00,000** |
| | | |

| | |
|---|---|
| **Grand Total (31,08,800 + 4,00,000)** | **35,08,800/-** |

- പദ്ധതി നടത്തിപ്പിന്റെ ചെലവിനത്തിലെ **80%** തുക സാമൂഹ്യനീതി വകുപ്പും, **20%** തുക സ്ഥാപനങ്ങളും വഹിക്കുന്നതായിരിക്കും.
- വയോജന മേഖലയിൽ പ്രവൃത്തി പരിചയമുള്ളവർക്ക് തസ്തികകളിൽ മുൻഗണന നൽകേണ്ടതാണ്.
- സ്റ്റാഫ് നേഴ്സ്, **MTCP** എന്നിവരുടെ സേവനം **24 * 7** ലഭ്യമാക്കേണ്ടതാണ്.
- ഡോക്ടർ, ഫിസിയോതെറാപ്പിസ്റ്റ് എന്നിവരുടെ സേവനങ്ങൾ ആവശ്യാനുസരണം ലഭ്യമാക്കേണ്ടതാണ്

**<u>അനുബന്ധം 1</u>**

**കിടപ്പിലായ മുതിർന്ന പരന്മാരുടെ പുനരധിവാസം - NGO കളുടെ തിരഞ്ഞെടുക്കൽ മാനദണ്ഡങ്ങൾ :-**

കിടപ്പിലായ മുതിർന്ന പൌരന്മാരെ പുനരുധിവസിപ്പിക്കുന്നതിന് അനുയോജ്യമായ എൻജിഒകളെ തിരിച്ചറിയൽ, ഫീൽഡ് വിലയിരുത്തൽ, തിരഞ്ഞെടുക്കൽ എന്നിവയിൽ ചിട്ടയായയും സുതാര്യവുമായ ഒരു പ്രക്രിയ ആവശ്യമാണ്.

**1. അപേക്ഷകൾ ക്ഷണിക്കുന്നത്:-**

സംസ്ഥാനത്തെ പ്രമുഖ പത്ര മാദ്ധ്യമങ്ങളിലൂടെ അപേക്ഷകൾ ക്ഷണിക്കും. കൃത്യമായി പൂരിപ്പിച്ച അപേക്ഷ (**Annexure 2** ൽ തയ്യാറാക്കിയത്) തപാൽ വഴി സമർപ്പിക്കുന്നതിനുള്ള സമയപരിധി പരസ്യം പ്രസിദ്ധീകരിച്ച തീയതി മുതൽ നാലാഴ്ക്കുള്ളിൽ ആയിരിക്കണം. ബന്ധപ്പെട്ട ജില്ലാ സാമൂഹിക നീതി ഓഫീസർമാർക്ക് ആയിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്.

**2. പ്രിലിമിനറി സ്ക്രീനിംഗ് കമ്മിറ്റി:-**

ജില്ലാ സാമൂഹിക നീതി ഓഫീസിൽ ലഭ്യമായ അപേക്ഷകൾ ജില്ലാ സാമൂഹ്യനീതി ഓഫീസർ പരിശോധിച്ച് മാനദണ്ഡ പ്രകാരമുള്ളവ പരിശോധന ടീമിനൊപ്പം പോയി പരിശോധനകൾ പൂർത്തിയാക്കി വ്യക്തമായ ശുപാർശ സഹിതം പരിഗണനയ്ക്കായി ജില്ലാ തല വയോജന കമ്മിറ്റിയ്ക്ക് സമർപ്പിക്കേണ്ടതാണ്. ജില്ലാതല വയോജന കമ്മിറ്റിയുടെ ശുപാർശയോടെയാണ് സ്ഥാപനത്തിന് ഗ്രാന്റ് അനുവദിക്കുന്നതിനുള്ള ശുപാർശ സാമൂഹ്യ നീതി ഡയറക്ടർക്ക് ലഭ്യമാക്കേണ്ടത് .

**3. ഗ്രാന്റ് ലഭിക്കാനായി തിരഞ്ഞെടുക്കാനുള്ള പരിശോധന:-**

ഓർഫനേജ് കൺട്രോൾ ബോർഡ് മെമ്പർ, വയോജന കൗൺസിൽ പ്രതിനിധി, **DMO**, ജില്ലാ സാമൂഹിക നീതി ഓഫീസർ എന്നിവരടങ്ങുന്ന സംയുക്ത പരിശോധന ടിം പരിശോധന നടത്തിയാണ് അനുയോജ്യമായ സ്ഥാപനത്തെ കണ്ടെത്തേണ്ടത്.

**4. സംയുക്ത പരിശോധന ടീമിന്റെചുമതലകൾ:-**

അപേക്ഷ സമർപ്പിച്ച **NGO**കളുടെ സ്ഥാപനം സന്ദർശിച്ച് റെക്കോർഡുകൾ, രജിസ്റ്ററുകളുടെ അവലോകനം. അടിസ്ഥാന സൌകര്യങ്ങൾ എന്നിവ വിലയിരുത്തി കമ്മിറ്റി മെമ്പർമാർ സാക്ഷ്യപ്പെടുത്തിയ ഇൻസ്പെഷൻ റിപ്പോർട്ട്, അനുവദിക്കാവുന്ന ഗ്രാൻറ് തുക ഉൾപ്പെടുത്തിയ വ്യക്തമായ ശുപാർശ എന്നിവ സഹിതം ജില്ലാ

വയോജനകമ്മിറ്റി പരിഗണനയ്ക്കായി സമർപ്പിക്കേണ്ടതാണ് . ജില്ല വയോജന കമ്മിറ്റി ശുപാർശ ചെയ്യുന്ന ഒരു സ്ഥാപനത്തിനായിരിക്കും ആദ്യഘട്ടത്തിൽ ഗ്രാന്റ് അനുവദിക്കുന്നത് . എല്ലാ ജില്ലകളിൽ നിന്നും ഒന്ന് വീതം സ്ഥാപനങ്ങൾക്ക് ഗ്രാന്റ് അനുവദിച്ച ശേഷം ആവശ്യം എങ്കിൽ കൂടുതൽ സ്ഥാപനങ്ങളെ പരിഗണിക്കുന്നതാണ്.

ജില്ലാതല പരിശോധന ടീമിന്റെയും വയോജന കമ്മിറ്റിയുടെയും ശുപാർശ സഹിതം ജില്ലാ സാമൂഹിക നീതി ഓഫീസർമാർ ഗ്രാന്റ് അനുവദിക്കേണ്ട സ്ഥാപനത്തിന്റെ അപേക്ഷ സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർക്ക് നൽകുകയും ഡയറക്ടരുടെ കാര്യാലയത്തിൽ നിന്നും പ്രസ്തുത അപേക്ഷ സർക്കാർ അനുമതിക്കായി സമർപ്പിക്കുകയും ചെയ്യുന്നതാണ്.

ആദ്യ ഘട്ടത്തിൽ ഒരു ജില്ലയിൽ നിന്നും ഒന്നുവീതം പരിഗണിക്കുന്നതാണ്. ഒരു ജില്ലയിൽ നിന്നും ഒന്നിലധികം അപേക്ഷകൾ ലഭിക്കുന്ന പക്ഷം സ്ഥാപനങ്ങളുടെ അടിസ്ഥാന സാകര്യങ്ങൾ , മുൻകാല പ്രവത്തനങ്ങൾ എന്നിവ വിലയിരുത്തി ജില്ലാ വയോജന കമ്മിറ്റിയുടെ ശുപാർശ പരിഗണിച്ച് ഏറ്റവും മികച്ച ഒരു സ്ഥാപനത്തിന് ആദ്യ ഘട്ട ഗ്രാന്റ് നൽകുന്നതാണ്. സർക്കാർ അംഗീകാരം ലഭിക്കുന്ന സ്ഥാപനങ്ങൾക്ക് തുടർ ഫണ്ട് അനുവദിക്കുന്നതാണ്.

**5. സ്ഥാപനത്തിന്റെ മോണിറ്ററിംഗ്**

മേൽപ്പറഞ്ഞ സ്ഥാപനങ്ങളുടെ പ്രവർത്തനം ജില്ലാതല വയോജന കൌൺസിൽ മീറ്റിംഗ് അജണ്ടയിൽ ഉൾപ്പെടുത്തി പരിശോധിക്കേണ്ടതാണ്.

**6. സ്ഥാപനങ്ങളുടെ അർഹത റദ്ദ് ചെയ്യൽ /പദ്ധതിയിൽ നിന്നും പുറത്താക്കൽ**

പദ്ധതി പ്രവർത്തനങ്ങളിൽ വീഴ്ച വരുത്തുന്ന സ്ഥാപനങ്ങളുടെ ഗ്രാന്റിനുള്ള അർഹത റദ്ദ് ചെയ്യുന്നതിനും പദ്ധതിയിൽ നിന്നും പുറത്താക്കുന്നതിനുമായി അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്ക് വ്യക്തമായ കാരണങ്ങൾ കാണിച്ച് ശുപാർശ നൽകാവുന്നതാണ്. അന്തിമ തീരുമാനം വകപ്പ്തലത്തിൽ കൈക്കൊള്ളുന്നതുമാണ്.

ഒരിക്കൽ സർക്കാർ അനുമതി ലഭിച്ച സ്ഥാപനത്തിന് തുടർന്നുള്ള വർഷങ്ങളിൽ ഗ്രാന്റ് അനുവദിക്കുന്നതിനുള്ള നടപടിക്രമം ചുവടെ ചേർക്കുന്നു.

**സാമൂഹ്യനീതി വകുപ്പിന്റെ ധന സഹായത്തിനായുള്ള അപേക്ഷ**

**(Grant- in -Aid)**

60 വയസ് കഴിഞ്ഞ കിടപ്പ് രോഗികളെ പരിചരിക്കുന്നതിനു സർക്കാർ അംഗീകാരം ലഭിച്ച സ്ഥാപനങ്ങൾക്കാണ് തുടർ വർഷങ്ങളിൽ ഗ്രാന്റിന് അർഹതയുള്ളത്. പദ്ധതിയുമായി ബന്ധപ്പെട്ട സാമൂഹ്യനീതി വകുപ്പിന്റെ ധനസഹായം ലഭ്യമാകുന്നതിനായി അപേക്ഷകൾ (Appendix 3) ൽ തയ്യാറാക്കി എല്ലാ വർഷവും മെയ് 31 നകം അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. മാനദണ്ഡങ്ങൾ ഉറപ്പാക്കി സ്ഥാപന തല പരിശോധന പൂർത്തിയാക്കി ജില്ലാ ഓഫീസർമാർ ഗ്രന്റിനുള്ള ശുപാർശ ഡയറക്ടറേറ്റിലേക്ക് ജൂലൈ 31 നകം നിർദ്ദേശിക്കാവുന്നതാണ്.

**ധന സഹായം ലഭ്യമാകുന്ന രീതി**

സ്ഥാപനങ്ങൾ ക്ക് **reimbursement** വ്യവസ്ഥ യിലാണ് ഗ്രാന്റ് അനുവദിക്കുന്നത്. മുൻവർഷത്തെ പ്രവർത്തനങ്ങൾ, **audited statement of accounts,** ജീവനക്കാരുടെ വിവരങ്ങൾ, താമസക്കാരുടെ വിവരങ്ങൾ സ്ഥാപനത്തിന്റെ **registration** സംബന്ധിച്ച രേഖകൾ, മുൻവർഷത്തെ പ്രവർത്തന റിപ്പോർട്ട് എന്നിവ ഗ്രാന്റ് അപേക്ഷയോടൊപ്പം നൽകേണ്ടതാണ്.

**പരിശോധനകൾ**

ധനസഹായത്തിന് അർഹത നേടുന്ന സ്ഥാപനങ്ങളിൽ പദ്ധതി വിലയിരുത്തലുകൾക്കും ധന വിനിയോഗ നിർദ്ദേശങ്ങൾക്കുമായി പരിശോധനകൾ നടത്താവുന്നതാണ്. ആയതിനു ജില്ലാ സാമൂഹ്യ നീതി ഓഫീസർ മെയ് /ജൂൺ മാസങ്ങളിൽ സ്ഥാപനങ്ങളിൽ ചെന്ന് പരിശോധന നടത്തേണ്ടതാണ്.

**സ്ഥാപനങ്ങൾ സൂക്ഷിക്കേണ്ട/ കരുതേണ്ട രജിസ്റ്ററുകൾ മറ്റു രേഖകൾ**

1. Admission register
2. Attendance register of inmates.
3. Inmates belongs Register
4. Attendance register of staffs
5. Cash Book
6. Stock book of stores( Both movable and Immovable)
7. Stocks and its registers of provision of stocks
8. fund Register
9. Medical stock Register
10. Bill and acquittance roll for pay of establishment
11. Ledger showing the classified receipts and expenditure
12. individual care plan / individual medical records
13. Movement Register
14. Visitors Register
15. Inspection Register

## അനുബന്ധം 2

**SOCIAL JUSTICE DEPARTMENT OF GOVERNMENT OF KERALA**

**Name of the Scheme: Vayosanthwanam**

( Application for NGOs accreditation under Vayosanthwanam )

1. Organization

Name :
Address :
Phone Number :
Fax :
Land line Number :
Mobile :
Email :

2. Name of the Rule under which registered and number and date of registration (Please attach a photocopy of registration certificate ) :

3. If recognized by Government for Grant-in-aid furnish photocopy of government order

4. Registration under Foreign Contribution Act : Yes/ No If yes, furnish a photocopy.

5. Is the organization a registered society or trust . Yes/ No If yes, Furnish Memorandum of association and bylaws of the organization . Name ,Address and occupation of the Board of Management /government body and date of constitution of present Board of Management

6. Experience in running similar institutions if any ( furnish the details of the work done in this area for the last 3 year.

7. If the organization has own land and building, please furnish the area of land and plinth area of the building (copies of the documents to prove the ownership of the land and building plan should be furnished along with fitness certificate and sanitation certificate from competent authority )

8. Annual report / progress report ( details of activities iof the previous 3 year are required.)-

9. Audited statement of accounts (statements of accounts for the previous 3 year are required.

10. List of staff with copies of certificate of qualification.

11. List of beneficiaries indicating name, date of birth, date of admission, category and type of illness

12. Total budget estimate recurring and non – recurring.

13. List of asset (moveable and immovable)

14. Authorization letter for sending grant-in-aid directly to the bank account of the NGO. Essential details such as bank branch, bank branch code, and bank account number. Separate bank account shall be opened for this project alone and a copy of the pass book has to be attached with the application.

<u>**അനുബന്ധം 3**</u>

–

SOCIAL JUSTICE DEPARTMENT OF GOVERNMENT OF KERALA

Name of the Scheme: **Vayosanthwanam**

**( Application for Grand – in Aid to NGOs under under Vayosanthwanam )**

1. Organization

Name :

Address :

Phone Number :

Fax :

Land line Number :

Mobile :

Email :

2. NGO registration certificate:

(Please attach a photocopy)

3. If recognized by Government for Grant-in-aid (furnish photocopy of government order)

4. Registration under Foreign Contribution Act : Yes/ No

If yes, furnish a photocopy.

5. A copy of the last Management committee meeting minutes

6. Orphanage control board registation certificate copy

7. Building fitness certificate and sanitation certificate from competent authority )

8. Audited statement of accounts of the previous year (Separate bank account and

Account statements have to be maintained for this grant -in –aid. )

9. Item –wise breakup of expenditure in respect of the last grant received.

10. List of staff with copies of certificate of qualification and their pay particulars (staff salary pay has to be through their bank account )

11. List of beneficiaries indicating name, date of birth, date of admission, category and type of illness

12. Total budget estimate recurring and non – recurring.

**13. List of asset (moveable and immovable) acquired under the project from the grant- in -aid.**

**14. Utilization certificate along with audited item –wise breakup of expenditure.**

**15. Authorization letter for sending grant-in-aid directly to the bank account of the NGO. Essential details such as bank branch, bank branch code, and bank account number. (please attach copy )**